നിധ്യം ലഭിച്ചിട്ടില്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റിനുവേണ്ടി തസ്തികകൾ സംവരണം ചെയ്യുകയും ചെയ്യുന്നു. ഇതിനായുള്ള ഹൈലെവൽ കമ്മിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്.

(ബി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം ത്രൈമാസിക അടിസ്ഥാനത്തിൽ പ്ലാനിംഗ് വകുപ്പ് (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്) അവലോകനം നടത്തുന്നു. പ്രാതിനിധ്യം കുറവുണ്ടെങ്കിൽ നടപടി കൈക്കൊള്ളുവാൻ ആവശ്യപ്പെടുന്നു.

(സി) ഗവൺമെന്റ് വകുപ്പുകളിലെ പ്രാതിനിധ്യവും പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രാതിനിധ്യവും അവലോകനം ചെയ്യാൻ ഇപ്പോൾത്തന്നെ മുഖ്യമന്ത്രി, പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി, എം.എൽ.എ.മാർ തുടങ്ങിയവർ ഉൾപ്പെടുന്ന കമ്മിറ്റികൾ ഉണ്ട്. അതിനാൽ ഇക്കാര്യത്തിന് പ്രത്യേകം ഏജൻസി ആവശ്യമില്ല.

12 (636) സംവരണം സംബന്ധിച്ച പൊതുഭരണ വകുപ്പിന്റെ പ്രസിദ്ധീകരണം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഗവൺമെന്റ് സർവ്വീസിലെ സംവരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളേയും ചട്ടങ്ങളേയും സംബന്ധിച്ച് പൊതുഭരണവകുപ്പ് കാലാകാലങ്ങളിൽ പ്രസിദ്ധീകരിച്ചുവരുന്ന ഹാൻഡ് ബുക്ക് ഏതു വർഷംവരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി) 1983-നു ശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും ഭേദഗതികളും കൂട്ടിച്ചേർത്ത് പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുവാൻ പൊതുഭരണ വകുപ്പിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 30.6.1983 വരെയുള്ള സർക്കാർ ഉത്തരവുകളും ചട്ടങ്ങളും ഭേദഗതികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഹാൻഡ് ബുക്ക് 1984-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

13 (637) ക്രൈസ്തവർ നിർമ്മിക്കുന്ന വിൽപ്പത്രങ്ങൾ

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈസ്തവർ നിർമ്മിക്കുന്ന വിൽപ്പത്രങ്ങൾ പ്രൊബേറ്റ് ചെയ്യണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് കേരള നിയമസഭ പാസ്സാക്കിയ ഇന്ത്യൻ പിൻതുടർച്ച (കേരള ഭേദഗതി) ആക്ട് 1996-ൽ സംസ്ഥാനത്ത് പ്രാബല്യത്തിലായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly